I/69411/2023

DDDKER/640/2023-G2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:-08-03-2023

## സർക്കുലർ 14/2023

വിഷയം: ക്ഷീരവികസന വകുപ്പ്-ക്ഷീരസഹകരണ സംഘങ്ങളിലെ 2022-23 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ- ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

താങ്കളുടെ ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടേയും (ആപ്കോസ്, നോൺ ആപ്കോസ്) 2022-23 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ കൃത്യമായും സമയബന്ധിതമായും പൂർത്തിയാക്കുവാൻ ഇതിനാൽ നിർദ്ദേശം നൽകുന്നു. 31.03.2023 ൽ സംഘങ്ങളുടെ അധീനതയിലുള്ള സ്ഥാവര ജംഗമ വസ്തുക്കളുടെ സ്റ്റോക്കെടുക്കുമ്പോൾ ടി സാധനങ്ങളുടെ പട്ടികയുടെ അഞ്ച് പകർപ്പുകൾ വീതം തയ്യാറാക്കേണ്ടതാണ്. ആപ്കോസ് സംഘങ്ങളുടെ സ്റ്റോക്ക് പരിശോധന സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർക്കും, പരമ്പരാഗത ക്ഷീരസംഘങ്ങളുടെ സ്റ്റോക്ക് പരിശോധന സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പ് ജില്ലയിലെ ജോയിന്റ് ഡയറക്ടർക്കും (ആഡിറ്റ്) അയച്ച് കൊടുക്കേണ്ടതാണ്. ഒരു പകർപ്പ് താങ്കളുടെ ഓഫീസിലും, ഒരു പകർപ്പ് ക്ഷീരവികസന യൂണിറ്റിലും സൂക്ഷിക്കേണ്ടതാണ്. രണ്ട് പകർപ്പുകൾ സംഘത്തിനും നൽകേണ്ടതാണ്. കൂടാതെ സംഘം സെക്രട്ടറിക്ക് പകർപ്പ് നൽകിയതായിട്ടുള്ള വിവരം ക്ഷീരവികസന യൂണിറ്റിൽ സൂക്ഷിക്കുന്ന പകർപ്പിൽ രേഖപ്പെടുത്തിയിരിക്കണം എന്നും നിർദ്ദേശിക്കുന്നു.

സ്റ്റോക്കിന്റെ ഭൗതികപരിശോധനയും സ്റ്റോക്ക് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നുണ്ടെന്ന് പരിശോധന ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച സ്റ്റോക്ക് പരിശോധന ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന ഗുരുതര കൃത്യവിലോപമായി കണക്കാക്കുന്നതായിരിക്കും. സ്റ്റോക്ക് പരിശോധന 30.04.2023ന് മുമ്പായി പൂർത്തീകരിച്ചു എന്ന് ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പവരുത്തേണ്ടതാണ്. സംഘം വക വസ്തു, കെട്ടിടം എന്നിവയും സ്റ്റോക്ക് പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. ഏത് സംഘം ഏത് ഉദ്യോഗസ്ഥർ സ്റ്റോക്ക് പരിശോധന നടത്തണം എന്ന് നിശ്ചയിച്ച് നൽകി ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ടി ഉത്തരവിന്റെ പകർപ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. സംഘത്തിന്റെ സ്റ്റോക്ക് പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക

പദവിയും എല്ലാ സംഘങ്ങളെയും അറിയിക്കേണ്ടതാണ്. നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത വിവരം 30.04.2023ന് മുൻപ് ചുവടെ ചേർത്തിരിക്കുന്ന പ്രഫോർമയിൽ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ബ്ലോക്ക് | സംഘം | സ്റ്റോക്ക് പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ | സ്റ്റോക്ക് പരിശോധന തീയതി. | സ്റ്റോക്ക് പരിശോധന തീയതിയിലെ നീക്കിയിരിപ്പ്. | കുറിപ്പുകൾ |
|---|---|---|---|---|---|
| | | | | | |

ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കതപാലിൽ അറിയിക്കേണ്ടതാണ്.

Signed by
Dr. Kowsigan A. I A S
Date: 08-03-2023 11:31:35

ഡോ.എ.കൗശിഗൻ ഐ.എ.എസ്
ഡയറക്ടർ /
ക്ഷീരസഹകരണസംഘം രജിസ്ട്രാർ

എല്ലാ ജില്ല ഡെപ്യൂട്ടി ഡയറക്ടർമാർക്കും

പകർപ്പ്:-

1. ജോയിന്റ് ഡയറക്ടർ (ജനറൽ)
2. ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
3. സബ്ജക്ട്മാറ്റർ സ്പെഷ്യലിസ്റ്റ് (ഡെയറി)
4. എല്ലാ ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും (അറിവിനായി)
5. സി2/ഇ3 സീറ്റ്
6. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ-വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
7. ശേഖര സഞ്ചയം

<u>സാക്ഷ്യപത്രം</u>

................................ ജില്ലയിലെ ..................... (ആകെ) സംഘങ്ങളിൽ ................... ആപ്കോസ് സംഘങ്ങളുടെയും .................... നോൺ ആപ്കോസ് സംഘങ്ങളുടെയും 2022-23 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ പൂർത്തികരിച്ചിട്ടുണ്ടെന്നും, ആപ്കോസ് സംഘങ്ങളുടെ സ്റ്റോക്ക് പരിശോധന സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർക്കും, നോൺ ആപ്കോസ് സംഘങ്ങളുടെ സ്റ്റോക്ക് പരിശോധന സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ജില്ലയിലെ ജോയിന്റ് ഡയറക്ടർക്കും (ആഡിറ്റ്) അയച്ച് കൊടുത്തിട്ടുണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നു.

ജില്ല -.............
തീയതി -............

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

I/72086/2023

നം.DDDKER/963/2023-ITCELL

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:22-03-2023

## സർക്കുലർ (20/2023)

വിഷയം:- ക്ഷീരവികസന വകുപ്പ് – ക്ഷീരസഹകരണ സംഘങ്ങളുടെ 31.03.2023 പ്രകാരമുള്ള സ്റ്റോക്ക് വെരിഫിക്കേഷൻ ക്ഷീരശ്രീ പോർട്ടൽ മുഖേന പൂർത്തീകരിക്കുന്നതിന് തുടർ നിർദ്ദേശങ്ങൾ നൽകുന്നു

സൂചന :- 1) ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 8/03/2023 ലെ 14/2023 നം സർക്കുലർ (DDDKER/640/2023-G2)

ക്ഷീരസഹകരണ സംഘങ്ങളുടെ 31.03.2023 പ്രകാരമുള്ള സ്റ്റോക്ക് സ്റ്റേറ്റ്മെൻറ് ക്ഷീരശ്രീ പോർട്ടൽ മുഖേന തയ്യാറാക്കി സ്റ്റോക്ക് വെരിഫിക്കേഷൻ ഓഫീസർക്ക് പോർട്ടൽ മുഖേന സബ്മിറ്റ് ചെയ്യേണ്ടതാണ്. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ മേൽ സൂചിത സർക്കുലർ പ്രകാരം, ക്ഷീരസംഘങ്ങൾ ക്ഷീരശ്രീ പോർട്ടലിൽ ലോഗിൻ ചെയ്ത് സ്റ്റോക്ക് സ്റ്റേറ്റ്മെൻറ് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി, സ്റ്റോക്ക് സ്റ്റേറ്റ്മെൻറ് ജനറേറ്റ് ചെയ്ത്, സ്റ്റോക്ക് വേരിഫിക്കേഷൻ ഓഫീസർമാർക്ക് പോർട്ടൽ മുഖേന തന്നെ സമർപ്പിക്കേണ്ടതാണ്. സ്റ്റോക്ക് വെരിഫിക്കേഷൻ ഓഫീസർമാർ സംഘങ്ങളിലെ സ്റ്റോക്കിന്റെ ഭൌതീക പരിശോധന നടത്തി സ്റ്റോക്ക് വേരിഫിക്കേഷൻ സ്റ്റേറ്റ്മെൻറ് ക്ഷീരശ്രീ പോർട്ടൽ മുഖേന തന്നെ ജനറേറ്റ് ചെയ്യേണ്ടതാണ്.

Signed by
Dr. Kowsigan A. I A S
Date: 22-03-2023 16:31:07

**രജിസ്ട്രാർ/ഡയറക്ടർ**

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ക്ഷീരവികസന യൂണിറ്റുകൾക്കും ക്ഷീരസംഘങ്ങൾക്കും നിർദ്ദേശങ്ങൾ നല്കുന്നതിനായി)

പകർപ്പ്:-
1) ജോയിന്റ് ഡയറക്ടർ (ജനറൽ)
2) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
3) സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (ഡയറി)
4) എല്ലാ ക്ഷീര പരിശീലനകേന്ദ്രം പ്രിൻസിപ്പൽമാർക്കും (അറിവിനായി )
5) സി2/ ഇ3 /ജി2 സീറ്റ്
6) IT സെൽ
7) ഡയറക്ടറേറ്റിലെ എല്ലാ ഓഫീസർമാർക്കും

I/72086/2023